കൂടുതൽ തുക നല്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ സംബന്ധിച്ച് നടന്ന ചർച്ചകൾ പരാജയപ്പെടുകയും കോർപ്പറേഷൻ ഫെഡോയുമായുള്ള കരാർ പിൻവലിക്കുകയും ചെയ്തു. പിന്നീട് കോർപ്പറേഷന്റെ സാമ്പത്തിക പരിമിതികൾ മൂലം ഉടൻ തന്നെ മറേതെങ്കിലും വിധത്തിൽ ഹോട്ടലിന്റെ പണി പുനരാരംഭിക്കാൻ കഴിഞ്ഞില്ല.

(സി) അടുത്ത രണ്ടോ മൂന്നോ മാസങ്ങൾക്കകം പുനരാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി, ഇ) തിരുവനന്തപുരത്തുള്ള ശില്പി കൺസ്ട്രക്ഷൻ കോൺട്രാക്ടറേഴ്സ് ടെൻഡർ സമർപ്പിക്കുകയും അവരുടെ പേരിൽ ടെൻഡർ ഉറപ്പിക്കുകയും ചെയ്തെങ്കിലും അവർ യഥാസമയം എഗ്രിമെന്റ് ഒപ്പിടുവാൻ തയ്യാറായില്ല. കൂടാതെ അവർ നേരത്തെ തന്നിരുന്ന ടെൻഡറിനെക്കാൾ 50 ശതമാനം തുക കൂടി ചോദിക്കുകയും ചെയ്തു. ഇക്കാരണങ്ങളാൽ ഈ ടെൻഡർ റദ്ദാക്കുകയും പുതിയ ടെൻഡർ വിളിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(എഫ്) ഗവൺമെന്റിന്റെ പൊതുഭരണവകുപ്പ് ഇത്തരം കാര്യങ്ങളിൽ അനുവർത്തിക്കുന്ന നടപടി ചട്ടങ്ങൾ തന്നെയാണ് കോർപ്പറേഷനും സ്വീകരിച്ചിരിക്കുന്നത്.

കൊച്ചിയിലെ അന്താരാഷ്ട്ര വള്ളംകളി

469. [583] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ അന്താരാഷ്ട്ര വള്ളംകളി അതേസമയത്തുതന്നെ ടെലിവിഷനിൽ കാണാനുള്ള അവസരം സൃഷ്ടിക്കാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു ;

(ബി) ദിലേ ഉപകരണങ്ങൾ കൊച്ചിയിൽ കൊണ്ടുവന്ന ടെലിവിഷൻ ഉദ്യോഗസ്ഥൻമാർ പ്രസ്തുത പരിപാടി ദൂ. വി. യിൽ എടുത്തില്ലെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അപ്രകാരം പ്രവർത്തിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റിനോടാവശ്യപ്പെട്ടുവോ ?

ഉത്തരം

(എ, ബി, സി) സാങ്കേതിക സൗകര്യങ്ങളുടെ ലഭ്യതയെ അടിസ്ഥാനപ്പെടുത്തിയാണ് നേരിട്ടുള്ള സംപ്രേക്ഷണം ഏർപ്പെടുത്തുന്നത്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടത് ദൂരദർശൻ അധികാരികളാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രവർത്തന പരിധിയിൽ വരുന്ന ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് പ്രത്യേകിച്ച് നടപടികളൊന്നും എടുക്കാനില്ല.

മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ

470. [584] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	— 3
കൊല്ലം	— 4
പത്തനംതിട്ട	— 5
ആലപ്പുഴ	— 1
കോട്ടയം	— 5
ഇടുക്കി	— 1
എറണാകുളം	— 2
തൃശ്ശൂർ	— 10
പാലക്കാട്	— 5
മലപ്പുറം	— 1
കോഴിക്കോട്	— 4
കണ്ണൂർ	— 1
കാസർഗോഡ്	— 8

താലൂക്കുകളിലെ മൽസ്യത്തൊഴിലാളി സംഘങ്ങൾ

471. [585] ശ്രീ. എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മായിൽ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മൽസ്യത്തൊഴിലാളി സംഘങ്ങൾ ഏതെല്ലാം താലൂക്കുകളിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്തെ കടലോര മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ താഴെ പറയുന്ന 21 താലൂക്കുകളിലാണ് സ്ഥിതി ചെയ്യുന്നത്.

1. നെയ്യാറ്റിൻകര
2. തിരുവനന്തപുരം
3. ചിറയിൻകീഴ്
4. കൊല്ലം
5. കരുനാഗപ്പള്ളി
6. കാർത്തികപ്പള്ളി
7. അമ്പലപ്പുഴ
8. ചേർത്തല
9. കൊച്ചി
10. കൊടുങ്ങല്ലൂർ
11. ചാവക്കാട്
12. പൊന്നാനി
13. തിരൂർ
14. കോഴിക്കോട്
15. കൊയിലാണ്ടി

LIBRARY ARCHIVES Kerala Legislative Assembly